**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 126** **31-08-2022 - ൽ മറുപടിയ്ക്ക്**

**സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ ഡി കെ മുരളി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ കുതിച്ചുചാട്ടത്തിനൊരുങ്ങുമ്പോൾ കേന്ദ്ര വിദ്യാഭ്യാസ നയത്തിൽ നിന്നും വിഭിന്നമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം ഉറപ്പ് വരുത്തുന്നതിന് ഇടപെടൽ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | 2030-ഓടെ 50% ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) ആണ് ദേശീയവിദ്യാഭ്യാസനയം 2020 വിഭാവനം ചെയ്യുന്നത്. അതേസമയം 75% GER ആണ് കേരളം ലക്ഷ്യമിടുന്നത്. ഇത് തീർച്ചയായും പിന്നാക്കവിഭാഗം ഉൾപ്പെടെയുള്ള വിദ്യാർത്ഥി കൾക്ക് ഉന്നതവിദ്യാഭ്യാസ രംഗത്ത് കൂടുതൽ അവസരങ്ങൾ ഉറപ്പാക്കും. സംസ്ഥാനത്ത് GER നിരക്ക് വർദ്ധിപ്പിക്കുന്നതിനായി ഉന്നതവിദ്യാഭ്യാസരംഗത്ത് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**1.** പുതുതലമുറ കോഴ്സുകൾ:- സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ, ബിരുദാനന്തരബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ 05.11.2020-ലെ GO(Ms)No.389/2020/H.Edn നമ്പർ സർക്കാർഉത്തരവ് പ്രകാരം സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻതലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>2. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>3. ജനസംഖ്യാനുപാതികമായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറവുള്ള പ്രദേശങ്ങളിൽ കൂടുതൽ കോളേജുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | 4. <u>ഉന്നതവിദ്യാഭ്യാസസ്കോളർഷിപ്പ് പദ്ധതി</u>: സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ നോൺപ്രൊഫഷണൽ എയ്ഡഡ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കു വേണ്ടി കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കിയിരിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിയിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി മൊത്ത സ്കോളർഷിപ്പിന്റെ 10% സംവരണം ചെയ്തിട്ടുണ്ട്.<br><br>സാങ്കേതികവിദ്യാഭ്യാസവകുപ്പിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം ഉറപ്പുവരുത്തുന്നതിനും തൊഴിൽ ലഭ്യമാക്കുന്നതിനുമായി ചുവടെ ചേർത്തിട്ടുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>**1.**കൗൺസലിംഗ് സൗകര്യങ്ങൾ<br><br>**2.**ആവശ്യമുള്ളവർക്ക് ബ്രിഡ്ജ് കോഴ്സിന്റെ രൂപത്തിൽ അക്കാദമിക പിന്തുണ ലഭ്യമാക്കൽ<br><br>**3.**ഡിജിറ്റൽ ലേണിംഗ് റിസോഴ്സസ്, ഓപ്പൺ റിസോഴ്സ് ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം (MOODLE)<br><br>**4.**ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക്, മെറിറ്റ്-കം-മീൻസ് (MCM) സ്കോളർഷിപ്പ് ലഭ്യമാക്കൽ<br><br>കൂടാതെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി വിവിധരീതിയിലുള്ള സംവരണങ്ങളും, സ്കോളർഷിപ്പുകളും ഉന്നതവിദ്യാഭ്യാസത്തി നായി നല്കിവരുന്നുണ്ട്. Tuition Fee Waiver, EWS, സമുന്നതി സ്കോളർഷിപ്പ്, KSCSIT പ്രതിഭ സ്കോളർഷിപ്പ് തുടങ്ങിയവ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പഠനത്തിൽ മുന്നോട്ട് കൊണ്ടുവരുവാൻ സഹായിക്കുന്നവയാണ്. |
| (ബി) | ഉൽകൃഷ്ട സ്ഥാപന പദവി നേടുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രവർത്തന സ്വാതന്ത്ര്യം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | ഉൽകൃഷ്ട സ്ഥാപനപദവി നേടുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തനസ്വാതന്ത്ര്യം നൽകുന്ന കാര്യം സർക്കാർ പരിഗണിച്ചു- വരുന്നു. പ്രവർത്തനസ്വാതന്ത്ര്യം കൊണ്ട് ലക്ഷ്യമിടുന്ന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. തൊഴിൽ അധിഷ്ഠിതമായ പുതിയ കോഴ്സുകൾ ആരംഭിക്കുക. |

| | | | |
|---|---|---|---|
| | | | 2. പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് കോഴ്സ് പാഠ്യപദ്ധതി പുനഃക്രമീകരണവും രൂപകൽപനയും നടത്തുക.<br>3. വിദ്യാർത്ഥികളിലും അധ്യാപകരിലും ഗവേഷണ സംസ്കാരം വളർത്തിയെടുക്കുക.<br>4. കോളേജുകൾക്ക് അന്താരാഷ്ട്ര സർവ്വകലാശാലകളുമായി സഹകരിച്ച് ഇരട്ട പ്രോഗ്രാമുകൾ തിരഞ്ഞെടുക്കാനുള്ള അവസരം ഒരുക്കുക.<br>5. സ്വയംഭരണപദവി ലഭിക്കുന്നതുവഴി സമയബന്ധിതമായ പരീക്ഷ നടത്തിപ്പും ഫലം പ്രസിദ്ധീകരിക്കലും സാധ്യമാക്കുക.<br>6. കോളേജുകൾക്ക് സ്വന്തം അക്കാദമിക് കലണ്ടറും പാഠ്യപദ്ധതിയും സിലബസും തയ്യാറാക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും നൽകുക.<br>7. അധ്യാപകർക്ക് അവരുടെ മേഖലയിൽ കോഴ്സുകൾ വാഗ്ദാനം ചെയ്യാൻ അവസരം ഒരുക്കുക. |
| (സി) | സ്വയംഭരണ കോളേജുകളിലും അൺ എയ്ഡഡ് കോളേജുകളിലും ഫീസ് ഘടന നിശ്ചയിക്കുന്നതിനും അക്കാദമിക മികവുണ്ടായിട്ടും ഫീസ് നൽകാൻ പ്രാപ്തിയില്ലാത്ത വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കപ്പെടുന്നില്ലെന്നുറപ്പ് വരുത്തുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ? | (സി) | കോളേജ്‌വിദ്യാഭ്യാസവകുപ്പിന്റെ നിയന്ത്രണത്തിലുള്ള കോളേജുകളിൽ യൂണിവേഴ്സിറ്റിയുടെ ഓൺലൈൻ സംവിധാനം വഴി അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളിൽ നിന്ന് സാമ്പത്തിക സംവരണത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഇളവ് നൽകുന്നുണ്ട്. എസ്.സി., എസ്.ടി., ഒ.ഇ.സി. വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് വരുമാനപരിധി കണക്കാക്കാതെതന്നെ പ്രസ്തുത വിഭാഗങ്ങളിലെ എല്ലാവർക്കും ഫീസ് ഇളവ് നൽകുന്നുണ്ട്. ഒരുലക്ഷം രൂപ വരെ വാർഷികവരുമാനമുള്ള കുടുംബങ്ങളിലെ മറ്റു പിന്നാക്കവിഭാഗങ്ങളിലെയും മുന്നാക്കവിഭാഗങ്ങളിലെയും വിദ്യാർത്ഥി- കൾക്ക് സർക്കാരിന്റെ ഇ-ഗ്രാന്റ്സ് സംവിധാനം വഴി ഫീസ് ആനുകൂല്യം ലഭിക്കുന്നുണ്ട്.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപന - ങ്ങളിലെ 50% സീറ്റുകൾ സർക്കാർ സീറ്റുകളായി നിശ്ചയിച്ചിട്ടുണ്ട്. ടി സീറ്റുകളിലേക്ക് സർക്കാർ മെറിറ്റ് ക്വാട്ടയിൽ നിന്നാണ് പ്രവേശനം നൽകുന്നത്. ഈ സീറ്റുകൾ സർക്കാർ സീറ്റുകളായി നിലനിർത്തുന്നുമുണ്ട്. സ്വയംഭരണ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ കോളേജുകളിലെ ഫീസ് ഘടന നിശ്ചയി - ക്കുന്നത് അതത് വർഷം എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ കോളേജ് |

| | | | |
|---|---|---|---|
| | | | മാനേജ്മെന്റ് സംഘടനകളുമായി സർക്കാർ വയ്ക്കുന്ന കരാറിലൂടെയാണ്. ഫീസ് നൽകാൻ പ്രാപ്തിയില്ലാത്ത വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ